പതിനാലാം കേരളനിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 77 — 28.06.2016-ൽ മറുപടിക്ക്

## കേരളത്തിലെ അന്യസംസ്ഥാന തൊഴിലാളികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ആർ. രാജേഷ് | ശ്രീ. പിണറായി വിജയൻ<br>മുഖ്യമന്ത്രി |
| (എ) കേരളത്തിലാകെയുള്ള അന്യസംസ്ഥാന തൊഴിലാളികൾ എത്രയെന്ന് വ്യക്തമാക്കുമോ; ഇവരുടെ സംസ്ഥാനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (എ) സംസ്ഥാന പോലീസ് മേധാവിയുടെ എക്സിക്യൂട്ടീവ് ഡയറക്ടീവ് പ്രകാരം പോലീസ് സ്റ്റേഷനുകളിൽ സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ 1,56,048 ഇതര സംസ്ഥാന തൊഴിലാളികളുടെ എണ്ണമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. സംസ്ഥാനം തിരിച്ചുള്ള വിവരം അനുബന്ധം എ ആയി ചേർത്തിരിക്കുന്നു. |
| (ബി) അന്യസംസ്ഥാന തൊഴിലാളികളുടെ പേരിൽ ക്രിമിനൽ കുറ്റങ്ങൾ വ്യാപകമാകുന്ന സാഹചര്യത്തിൽ ഇവരുടെ വിശദാംശങ്ങളും എണ്ണവും തിട്ടപ്പെടുത്തുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുമോ; | (ബി) അന്യസംസ്ഥാന തൊഴിലാളികളുടെ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡിന്റെ കോപ്പിയും ബയോഡാറ്റയും ഉൾപ്പെടെയുള്ള വിവരങ്ങൾ ശേഖരിച്ച് പ്രസ്തുത തൊഴിലാളികളെ ജോലിക്കായി കൊണ്ടുവരുന്ന ഏജന്റുമാരും തൊഴിലുടമകളും സ്വമേധയാ അതാത് പോലീസ് സ്റ്റേഷനുകളിൽ അറിയിക്കേണ്ടതും ടി വിവരം പോലീസ് സ്റ്റേഷനുകളിൽ ഇതര സംസ്ഥാന തൊഴിലാളികളെ സംബന്ധിച്ചുള്ള ഒരു ഡാറ്റാ ബെയ്സ് (Data Base)-ൽ ഉൾപ്പെടുത്തി സൂക്ഷിച്ചും വരുന്നുണ്ട്. പുതുതായി വരുന്ന തൊഴിലാളികളുടെ വിവരങ്ങൾ പോലീസ് സ്റ്റേഷനിൽ അറിയിക്കുന്നതിന് തൊഴിൽ ഉടമകൾക്കും ഏജന്റുമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ ഇവരെ — |

സംബന്ധിച്ചുള്ള പൂർണ്ണമായ വിവരം ശേഖരിക്കാൻ കഴിയാത്തതുമൂലം ഇവർ ഉൾപ്പെടുന്ന അക്രമ പ്രവർത്തനങ്ങളിലും കുറ്റകൃത്യങ്ങളിലും കുറ്റവാളികളെ യഥാസമയം നിയമത്തിനു മുമ്പിൽ കൊണ്ടുവരാൻ പ്രയാസം നേരിടുന്നുണ്ട്.

(സി) അന്യസംസ്ഥാന തൊഴിലാളികളെ കൊണ്ടുവരുന്ന ഏജൻസികൾ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ ഏതൊക്കെ; ഇതിനെ സംബന്ധിച്ച് അന്വേഷണം നടത്തുമോ?

(സി) ആഭ്യന്തര വകുപ്പിനു കീഴിൽ രജിസ്റ്റർ ചെയ്യപ്പെട്ട ഏതെങ്കിലും ഏജൻസികൾ അന്യസംസ്ഥാന തൊഴിലാളികളെ കേരളത്തിലേക്ക് കൊണ്ടുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ചില കേന്ദ്രങ്ങളിൽ വീടുകളും കെട്ടിടങ്ങളും വാടകയ്ക്കെടുത്ത് അന്യസംസ്ഥാന തൊഴിലാളികൾ കൂട്ടമായി താമസിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെടുകയും ഇത്തരക്കാരെ നിരന്തരമായി പോലീസ് നിരീക്ഷണത്തിന് വിധേയമാക്കി വരികയും ചെയ്യുന്നുണ്ട്.

Rajani.M

സെക്ഷൻ ഓഫീസർ

അനുബന്ധം -2

| സംസ്ഥാനം | അന്യസംസ്ഥാന തൊഴിലാളികളുടെ എണ്ണം |
|---|---|
| തമിഴ്നാട് | 16718 |
| കർണ്ണാടക | 2373 |
| ആന്ധ്രാപ്രദേശ് | 1306 |
| തെലുങ്കാന | 6 |
| മഹാരാഷ്ട്ര | 342 |
| ഗോവ | 5 |
| ഒറീസ | 12742 |
| പശ്ചിമബംഗാൾ | 61858 |
| ഡൽഹി | 57 |
| ഹരിയാന | 38 |
| പഞ്ചാബ് | 890 |
| ഉത്തർ പ്രദേശ് | 3326 |
| ഉത്തരാഞ്ചൽ | 123 |
| മധ്യപ്രദേശ് | 907 |
| ഗുജറാത്ത് | 21 |
| ബീഹാർ | 16197 |
| ജാർഖണ്ഢ് | 4577 |
| രാജസ്ഥാൻ | 935 |
| ഛത്തീസ്ഘട്ട് | 389 |
| അരുണാചൽ പ്രദേശ് | 65 |
| ഹിമാചൽ പ്രദേശ് | 8 |
| മിസോറാം | 6 |
| ആസാം | 32579 |
| സിക്കിം | 143 |
| മേഘാലയ | 70 |
| നാഗാലാന്റ് | 96 |
| ത്രിപുര | 64 |
| മണിപ്പൂർ | 105 |
| കാശ്മീർ | 102 |
| ആകെ | 156048 |

Rajani.M

സെക്ഷൻ ഓഫീസർ